**കേരള സർക്കാർ**

സംഗ്രഹം

ധനകാര്യ വകുപ്പ് - 2015 ഫെബ്രുവരി, മാർച്ച്, മേയ് മാസങ്ങളിലെ സാമൂഹ്യ ക്ഷേമ പെൻഷനുകൾ ഡി.ബി.റ്റി സംവിധാനം വഴി വിതരണം ചെയ്യുന്നതിനും ഫണ്ട് മുൻകൂർ പിൻവലിക്കുന്നതിനും അനുമതി നൽകി – ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (എസ്.എഫ്.സി. സെൽ- എ) വകുപ്പ്**

സ.ഉ. (സാധാ) നം. 7112/2015/ധന തീയതി, തിരുവനന്തപുരം, 03/08/2015

---

പരാമർശം :
1. 05/09/2014 ലെ സ.ഉ.(അച്ചടി) നം. 384/2014/ധന നമ്പർ ഉത്തരവ്
2. 13/05/2015 തീയതിയിലെ സ.ഉ. (സാധാ) നം. 4749/2015/ധന നമ്പർ സർക്കാർ ഉത്തരവ്
3. 01/07/2015 തീയതിയിലെ സ.ഉ.(സാധാ) നം.6177/2015/ധന നമ്പർ ഉത്തരവ്
4. പഞ്ചായത്ത് ഡയറക്ടറുടെ 27/07/2015 തീയതിയിലെ ഡി.ബി.റ്റി 12651/2015 നമ്പർ കത്ത്

**ഉത്തരവ്**

2015 ഏപ്രിൽ മാസത്തെ സാമൂഹ്യ ക്ഷേമ പെൻഷനുകൾ തിരുവനന്തപുരം ജില്ലയിലെ ഗുണഭോക്താക്കൾക്ക് ഐ.കെ.എം. സോഫ്റ്റ് വെയർ വഴി വിതരണം ചെയ്യുന്നതിന് പരാമർശം 2 പ്രകാരവും തിരുവനന്തപുരം ഒഴികെയുള്ള ജില്ലകളിൽ വിതരണം ചെയ്യുന്നതിന് പരാമർശം 3 പ്രകാരവും സർക്കാർ ഉത്തരവായിരുന്നു. സംസ്ഥാനത്തെ എല്ലാ സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കൾക്കും 2015 ഫെബ്രുവരി, മാർച്ച്, മേയ് മാസങ്ങളിലെ സാമൂഹ്യ ക്ഷേമ പെൻഷനുകൾ [കർഷക തൊഴിലാളി പെൻഷൻ ഒഴികെ] ഡി.ബി.റ്റി. സംവിധാനത്തിലൂടെ അനുവദിക്കുന്നതിനായി 538,24,73,601 /- രൂപ (അഞ്ഞൂറ്റി മുപ്പത്തിയെട്ട് കോടി ഇരുപത്തിനാല് ലക്ഷത്തി എഴുപത്തിമൂന്നായിരത്തി അറുനൂറ്റിയൊന്ന് രൂപ മാത്രം) പഞ്ചായത്ത് ഡയറക്ടറുടെ പേരിൽ തിരുവനന്തപുരം എസ്.ബി.റ്റി മെയിൻ ബ്രാഞ്ചിൽ ഈ ആവശ്യത്തിനായി ആരംഭിച്ചിട്ടുള്ള അക്കൌണ്ടിലേയ്ക്ക് (A/c No. 67234515304) നിക്ഷേപിക്കണമെന്ന് പഞ്ചായത്ത് ഡയറക്ടർ പരാമർശം (3) ലെ കത്ത് പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും 2015 ഫെബ്രുവരി, മാർച്ച്, മേയ് മാസങ്ങളിലെ സാമൂഹ്യ ക്ഷേമ പെൻഷനുകൾ ഐ.കെ.എം. സോഫ്റ്റ് വെയർ വഴി വിതരണം ചെയ്യുന്നതിനും ചുവടെ ചേർത്തിരിക്കുന്ന പട്ടിക പ്രകാരം 538,24,73,601 /- രൂപ (അഞ്ഞൂറ്റി മുപ്പത്തിയെട്ട് കോടി ഇരുപത്തിനാല് ലക്ഷത്തി എഴുപത്തിമൂന്നായിരത്തി അറുനൂറ്റിയൊന്ന് രൂപ മാത്രം)

കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും മുൻകൂർ പിൻവലിച്ച് പഞ്ചായത്ത് ഡയറക്ടറുടെ പേരിൽ തിരുവനന്തപുരം എസ്.ബി.റ്റി മെയിൻ ബ്രാഞ്ചിൽ ഈ ആവശ്യത്തിനായി ആരംഭിച്ചിട്ടുള്ള അക്കൌണ്ടിലേയ്ക്ക് (A/c No. 67234515304) നിക്ഷേപിയ്ക്കുന്നതിന് ലാന്റ് റെവന്യു കമ്മീഷണർക്ക് അനുമതി നൽകി ഉത്തരവാകുന്നു. ഇതിന് ആവശ്യമായ ഫണ്ട് ബന്ധപ്പെട്ട ശീർഷകങ്ങളിൽ ലഭ്യമല്ലെങ്കിൽ അഡീഷണൽ ഓതറൈസേഷൻ/എസ്.ഡി.ജി. വഴി ആവശ്യമായ ഫണ്ട് ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

| പ്രാദേശിക സർക്കാർ | പെൻഷന്റെ ഇനം | ശീർഷകം | 2015 ഫെബ്രുവരി, മാർച്ച്, മേയ് മാസങ്ങളിലെ പെൻഷൻ തുക |
|---|---|---|---|
| മുനിസിപ്പൽ കോർപ്പറേഷൻ | വാർദ്ധക്യകാല പെൻഷൻ (IGNOAP) | 2235-60-191-50-97 (P) | 11,92,85,415 |
| | വിധവാ പെൻഷൻ (IGNWP) | 2235-60-191-50-99 (NP) | 17,46,66,016 |
| | 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ (UMWP) | 2235-60-191-50-96 (NP) | 1,43,20,988 |
| | വികലാംഗ പെൻഷൻ (IGNDP) | 2235-02-191-50-92 (NP) | 3,78,55,561 |
| | | **ആകെ** | **34,61,27,980** |
| മുനിസിപ്പാലിറ്റി | വാർദ്ധക്യകാല പെൻഷൻ (IGNOAP) | 2235-60-192-50-97 (P) | 10,00,23,141 |
| | വിധവാ പെൻഷൻ (IGNWP) | 2235-60-192-50-99 (NP) | 21,69,77,260 |
| | 50 വയസ്സ് കഴിഞ്ഞ അവിവാഹിത കൾക്കുള്ള പെൻഷൻ (UMWP) | 2235-60-192-50-96 (NP) | 1,48,42,416 |
| | വികലാംഗ പെൻഷൻ (IGNDP) | 2235-02-192-50-92 (NP) | 5,52,01,081 |
| | | **ആകെ** | **38,70,43,898** |
| ഗ്രാമ പഞ്ചായത്ത് | വാർദ്ധക്യകാല പെൻഷൻ (IGNOAP) | 2235-60-198-50-97 (P) | 1,81,10,74,713 |
| | വിധവാ പെൻഷൻ (IGNWP) | 2235-60-198-50-99 (NP) | 2,12,18,88,460 |
| | 50 വയസ്സ് കഴിഞ്ഞ അവിവാഹിത കൾക്കുള്ള പെൻഷൻ (UMWP) | 2235-60-198-50-96 (NP) | 12,70,33,096 |
| | വികലാംഗ പെൻഷൻ (IGNDP) | 2235-02-198-50-92 (NP) | 58,93,05,454 |
| | | **ആകെ** | **4,64,93,01,723** |
| | | **മൊത്തം തുക** | **5,38,24,73,601** |

3. എല്ലാ ട്രഷറി നിയന്ത്രണങ്ങളിൽ നിന്നും ഈ പിൻവലിയ്ക്കലിനെ ഒഴിവാക്കിയിരിയ്ക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ഇ.കെ. പ്രകാശ്**
**ഗവ. സ്പെഷ്യൽ സെക്രട്ടറി**

പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (എ & ഇ)/ഓഡിറ്റ്/എൽ.ബി.എ & എ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്
ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
സ്പെഷ്യൽ സെക്രട്ടറി, സാമൂഹ്യക്ഷേമ വകുപ്പ്
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
എല്ലാ മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിമാർക്കും
എല്ലാ മുനിസിപ്പാലിറ്റി സെക്രട്ടറിമാർക്കും
എല്ലാ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർക്കും.
ചീഫ് പോസ്റ്റ്മാസ്റ്റർ ജനറൽ, പി.എം.ജി., തിരുവനന്തപുരം
മാനേജർ, സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, മെയിൻ ബ്രാഞ്ച്, തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, ഐ. & പി. ആർ.ഡി, തിരുവനന്തപുരം
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
തദ്ദേശ സ്വയം ഭരണ (ഡി.സി.) വകുപ്പ്
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ് വെബ്സൈറ്റ് (www.finance.kerala.gov.in)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ